(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്

(ബി) യുവാക്കളിൽ സാഹസിക മനോഭാവം വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക എന്നിവയാണ് സാഹസിക അക്കാഡമികൾ കൊണ്ട് ലക്ഷ്യമിടുന്നത്.

(സി) ബോർഡിന്റെ കീഴിലുള്ള സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ വർഷം തോറും യുവാക്കൾക്കായി സാഹസിക പരിശീലന പരിപാടികൾ, അഡ്വഞ്ചർ കാർണിവലുകൾ എന്നിവ നടത്തിവരുന്നു. സാഹസിക അക്കാഡമികളുടെ നേതൃത്വത്തിൽ പാരാസെയിലിംഗ് പരിശീലനം, പാരാഗ്ലൈഡിംഗ് പരിശീലനം, മൺസൂൺ ട്രക്കിംഗ്, പ്രതിമാസ ട്രക്കിംഗ്, ഫ്രീ ഹാന്റ് ക്ലൈമ്പിംഗ്, റോപ്പ് ക്ലൈമ്പിംഗ്, റിവർ ക്രോസിംഗ്, വാൾ ക്ലൈമ്പിംഗ്, ജല സാഹസിക പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമിയുടെ നേതൃത്വത്തിൽ വർഷം തോറും സാഹസിക ഫോട്ടോഗ്രാഫി മത്സരവും സംഘടിപ്പിച്ചുവരുന്നു. മുകളിൽ പറയുന്ന സാഹസിക പ്രവർത്തനങ്ങൾക്ക് എല്ലാ വർഷവും ബഡ്ജറ്റിൽ സർക്കാർ തുക വകയിരുത്തുകയും സർക്കാർ ഭരണാനുമതി നൽകിവരികയും ചെയ്യുന്നുണ്ട്.

യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി

131 (5949) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ-സി) യുവജനങ്ങൾക്കുള്ള മൂലധനസഹായത്തിന് നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകളെ ശക്തിപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനായി യുവജനക്ഷേമ ബോർഡിന്റെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സ്വന്തമായി സ്ഥലമുള്ളതും എന്നാൽ സ്ഥിരം കെട്ടിടമില്ലാത്തതുമായ ക്ലബ്ബുകൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ് നൽകുന്നതിന് യുവജനക്ഷേമ ബോർഡ് ഒരു പദ്ധതി ആവിഷ്കരിച്ച് സമർപ്പിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത ക്ലബ്ബുകൾക്ക് 5 ലക്ഷം രൂപ വീതം നൽകാൻ യുവജനക്ഷേമ ബോർഡ് ഉദ്ദേശിക്കുന്നു. മേൽ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

യുവവനിതാശാക്തീകരണത്തിന് ശിൽപ്പശാല

132 (5950) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവവനിതാശാക്തീകരണത്തിന് ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്

(ബി) യുവവനിതാ ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യ പദവിയും ഉയർത്തുന്നതിനും അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് യുവജന ക്ഷേമ ബോർഡ് വനിതാ ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

(സി) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 28, 29 തീയതികളിൽ മലപ്പുറം ജില്ലയിൽവെച്ച് 'പടവുകൾ' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല സംഘടിപ്പിച്ചു. 2013 ഫെബ്രുവരി 1, 2, 3 തീയതികളിൽ എറണാകുളം ജില്ലയിൽവച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല, 2015 മാർച്ച് 20, 21, 22 തീയതികളിൽ കോഴിക്കോട് ജില്ലയിൽവച്ച് 'അപരാജിത' എന്ന പേരിൽ സംസ്ഥാനതല വനിതാ ശിൽപ്പശാല, യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജില്ലാ യുവജന കേന്ദ്രങ്ങൾ മുഖേന എല്ലാ ജില്ലകളിലും ഏകദിന വനിതാ ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly